# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം
**(ഹാജർ: കെ.ബിജു.ഐ.എ.എസ്)**

**നമ്പർ.എ3/5350/2011(2).** **തൈക്കാട്, തിരുവനന്തപുരം-14,**
**തിയതി: 13.06.2012.**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - സീനിയർ സൂപ്രണ്ടിന്റെ ഉദ്യോഗക്കയറ്റം വഴിയുള്ള നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് -

പരാമർശം:-
1. 6671/സി1/11/തൊഴിൽ നമ്പർ സർക്കാർ കത്ത്.
2. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 17.11.2011 തീയതി യിലെ എ4/27983/2011 നമ്പർ ഉത്തരവ്.
3. 21.05.2012-ലെ അസാധാരണ ഗസറ്റ് വാല്യം 1035.
4. ഉത്തരവ് നമ്പർ.എ3/5350/2011/ഡി.റ്റി. തീയതി 22.05.2012.

വ്യാവസായിക പരിശീലന വകുപ്പിലെ അഡ്ഹോക്ക് ഡി.പി.സി (ലോവർ) 27.03.2012-ൽ കൂടിയ യോഗത്തിൽ തയ്യാറാക്കിയ, സീനിയർ സൂപ്രണ്ടുമാരായി ഉദ്യോഗക്കയറ്റം ലഭിക്കാൻ അർഹതയുള്ള ജൂനിയർ സൂപ്രണ്ടുമാരുടെ സെലക്ട് ലിസ്റ്റ് സർക്കാരിലേയ്ക്ക് അയയ്ക്കുകയും ആയത് ഗസറ്റിൽ പ്രസിദ്ധീകരിക്കുവാനുള്ള നടപടി സ്വീകരിക്കാൻ പരാമർശം ഒന്ന് പ്രകാരം അറിയിക്കുകയും 21.05.2012 തീയതിയിലെ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരിക്കുന്നു.

സീനിയർ സൂപ്രണ്ട് ആയി മേൽ പരാമർശം (4) പ്രകാരം സ്ഥാനക്കയറ്റം നൽകിയിരുന്ന ശ്രീ. പി.എം.രാമൻ, ജൂനിയർ സൂപ്രണ്ട് സ്ഥാനക്കയറ്റം നിരാസനം ചെയ്തത് മൂലം ചെങ്ങന്നൂർ ഐ.ടി.ഐ.യിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവ് ഉണ്ടായിട്ടുണ്ട്.

ടി ഒഴിവിലേയ്ക്ക് ഒന്നാം പരാമർശം പ്രകാരം ഡി.പി.സി (അഡ്ഹോക്ക്) അംഗീകരിച്ച സെലക്ട് ലിസ്റ്റിലെ ക്രമ നമ്പർ 5 ആയിട്ടുള്ള താഴെ പറയുന്ന ജൂനിയർ സൂപ്രണ്ടിനെ കെ.എസ്.& എസ്.എസ്.ആറിലെ പൊതുചട്ടം 28 (ബി) (ii) പ്രകാരം 10790-18000 (പ്രീ-റിവൈസ്ഡ്) രൂപാ ശമ്പള നിരക്കിൽ സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | പേരും നിലവിൽ സേവനമനുഷ്ഠിക്കുന്ന സ്ഥാപനവും | സ്ഥാനക്കയറ്റം നൽകിയ നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1. | 5 | കെ.കെ.കുഞ്ഞിരാമൻ, ഐ.ടി.ഐ. നെന്മേനി | ഐ.ടി.ഐ. ചെങ്ങന്നൂർ |

ഉദ്യോഗക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥൻ സേവനത്തിൽ പ്രവേശിച്ച് ഒരു മാസത്തിനുള്ളിൽ ഓപ്ഷൻ നൽകിയിരിക്കേണ്ടതാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥന് നിയമപ്രകാരം യാത്രാബത്ത, സേവനത്തിൽ പ്രവേശിക്കാനുള്ള പ്രവേശന കാലം എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കും.

ഒപ്പ്
**ട്രെയിനിംഗ് ഡയറക്ടർ**

ശ്രീ. കെ.കെ.കുഞ്ഞിരാമൻ,
ജൂനിയർ സൂപ്രണ്ട്,
ഐ.ടി.ഐ. നെന്മേനി.

**പകർപ്പ്:-** 1. അക്കൗണ്ടന്റ് ജനറൽ (എ&ജെ) (ആമുഖ കത്ത് സഹിതം).
2. സെക്രട്ടറി, തൊഴിലും പുനരധിവാസവും വകുപ്പ് (ആമുഖ കത്ത് സഹിതം).
3. ബന്ധപ്പെട്ട എല്ലാ സ്ഥാപന മേധാവികൾക്കും.
4. ഡയറക്ടറേറ്റിലെ എല്ലാ യൂണിറ്റ് ആഫീസർമാർക്കും സെക്ഷൻ സൂപ്രണ്ടുമാർക്കും.
5. കരുതൽ ഫയൽ (എ3 സെക്ഷൻ)

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്

ഡി/14.06.